EVERYONE A LEARNER EVERYDAY

2025/2026







# ACADEMIC
# GUPS THAMPANOOR
# MASTERPLAN

gupsthampanoor@gmail.com
Thiruvananthapuram North

Headmistress
**Mini P B**

സ്കൂൾ കോഡ് 43339

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

ഗവൺമെൻറ് യുപിഎസ് തമ്പാനൂർ
gupsthampanoor@gmail.com
തിരുവനന്തപുരം

# ആമുഖം

100 വർഷങ്ങൾക്ക് മുൻപ് തമ്പാനൂർ പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങളെയും അക്ഷര ലോകത്തേക്ക് കൈപിടിച്ചുയർത്തിയ വിദ്യാലയ മുത്തശ്ശിയാണ് തമ്പാനൂർ യുപിഎസ്. ഇന്ന് സമൂഹത്തിൽ ഉന്നത തലത്തിലുള്ള ഒട്ടേറെ ഡോക്ടർമാരും, സാമൂഹിക പ്രവർത്തകരും, പോലീസ് ഉദ്യോഗസ്ഥരും ഉൾപ്പടെ പല മേഖലകളിലും പ്രാവീണ്യം തെളിയിച്ച പല വിഭാഗം ആൾക്കാരാണ് ഈ വിദ്യാലയത്തിലൂടെ കടന്നു പോയത്. യശശ്ശരീരനായ അറപ്പൂര മാധവൻ പിള്ളയുടെ ഉടമസ്ഥയിലുള്ള അറപ്പുര സ്കൂൾ എന്നറിയപ്പെട്ടിരുന്ന ഈ വിദ്യാലയം ആദ്യകാലങ്ങളിൽ പ്രവർത്തിച്ചിരുന്നത്. ഇന്നത്തെ തമ്പാനൂർ കെ.എസ്.ആർ.ടി സി. ബസ് സ്റ്റാൻഡിന്റെ പുറക് വശത്തായിരുന്നു, പ്രകൃതി ക്ഷോഭവും മറ്റും കാരണം ആ വിദ്യാലയം നശിച്ചു പോവുകയും ബഹുമാനപ്പെട്ട പട്ടം താണുപിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രദേശവാസികൾ സംഘടിച്ചാണ് ഇപ്പോൾ ഈ വിദ്യാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സർക്കാർ വിദ്യാലയമായി പുനരാരംഭിച്ചത്.

സ്വാതന്ത്ര്യ സമരചരിത്രത്തിൽ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ പങ്കാളിത്തം പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. 1959 ൽ മാർട്ടിൻ ലൂഥർ കിങ്ങ് ജൂനിയർ ഈ വിദ്യാലയം സന്ദർശിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയായിരുന്ന ശ്രീ.ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് അദ്ദേഹത്തിന്റെ സമ്മതിദാനാവകാശം രേഖപ്പെടുത്തിയിരുന്നതും ഇവിടെയായിരുന്നു. ഈ പ്രദേശത്തെ പിന്നോക്ക ജനവിഭാഗത്തെ കൈപിടിച്ചുയർത്തുന്നതിൽ ഗവ.യു.പി. എസ് തമ്പാനൂർ വഹിച്ച പങ്ക് വളരെ വലുതാണ്.

നിലവിൽ 8 അധ്യാപകരും 2 അധ്യാപകേതര ജീവനക്കാരുമാണ് ഈ സ്കൂളിൽ പ്രവർത്തിക്കുന്നത്. 1 മുതൽ 7 വരെ ക്ലാസ്സുകളിലായി ഏഴ് ഡിവിഷനുകളാണ് ഉള്ളത് വിശാലമായ കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഒട്ടനവധി പുസ്തകങ്ങളുടെ ശേഖരവുമായി ലൈബ്രറി, സയൻസ് ലാബ്, സി.സി.ടി.വി, കലാകായിക പ്രവർത്തി പരിചയത്തിന് പ്രത്യേക അധ്യാപകർ, പ്രത്യേകം പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള സ്പെഷൽ ടീച്ചേഴ്സ് എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. എങ്കിൽ പോലും സ്കൂളിൽ കുട്ടികളുടെ എണ്ണം കുറവാണ്. കുട്ടികൾക്ക് കളിക്കുന്നതിനായി നല്ലൊരു പാർക്ക് സജ്ജീകരിച്ചിട്ടുണ്ട്. ഇവിടെ പഠിക്കുന്ന ഭൂരിഭാഗം കുട്ടികളും രാജാജിനഗർ നിന്നും വരുന്നവരാണ്.

# സ്കൂൾ (അക്കാദമികവും ഭൗതികവും)

| | |
|---|---|
| പാഠ്യപദ്ധതി | SCERT പാഠ്യപദ്ധതിയുടെ നടപ്പാക്കൽ ക്ലാസ് അനുസരിച്ചുള്ള സിലബസ് ഘട്ടപരമായ പാഠഭാഗ വിതരണം. |
| അധ്യാപനം | ഗുണനിലവാരം ഉള്ള ക്ലാസുകൾ അധ്യാപകർക്ക് പഠന ആവശ്യമായ ട്രെയിനിങ്ങുകൾ<br>കുട്ടികൾക്ക് റെമഡികൾ ക്ലാസ് എൻറിച്ച്മെന്റ് പ്രോഗ്രാം |
| പരീക്ഷ മൂല്യനിർണയം | ക്ലാസ് ടെസ്റ്റുകൾ, അർദ്ധ വാർഷിക, വാർഷിക പരീക്ഷകൾ മോഡൽ പരീക്ഷകൾ,ചോദ്യബാങ്ക് ,മൂല്യനിർണയ രീതികൾ |
| സഹപാഠ്യ പ്രവർത്തനങ്ങൾ | ക്ലബ്ബുകൾ സയൻസ്, ഗണിതം, സോഷ്യൽ ഭാഷ, ക്വിസ് പ്രസന്റേഷനുകൾ, സ്കിറ്റ്, ഡിബേറ്റ് എഴുത്ത് പ്രതിഭകളെ പ്രോത്സാഹിപ്പിക്കൽ |
| വിദ്യാർത്ഥികളുടെ പിന്തുണ | കൗൺസിലിംഗ് സേവനം സ്കോളർഷിപ്പുകൾ വിദ്യാർത്ഥി ഹെൽപ്പ് ഡെസ്ക് സ്പെഷ്യൽ എജുക്കേഷൻ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് സഹായം. |

# <u>പൊതുലക്ഷ്യങ്ങൾ</u>

- പൊതുവിദ്യാലയം ഗുണമേന്മ വിദ്യാഭ്യാസം ലഭിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക.
- എല്ലാ കുട്ടികളും അതത് ക്ലാസുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- കുട്ടികൾ നേടേണ്ട അറിവും കഴിവും രക്ഷകർത്താക്കൾ ഉൾപ്പെടെയുള്ള സമൂഹത്തെ അറിയിക്കും.
- കുട്ടികളുടെ അക്കാദമികവും കായികവും സർഗാത്മകവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിക്കും.
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഭാഷകൾ കുട്ടികൾക്ക് വായിക്കാനും സംസാരിക്കാനും എഴുതുവാനും ഉള്ള കഴിവ് ഉറപ്പുവരുത്തും.
- ക്ലാസ് മുറികളെ അന്താരാഷ്ട്ര നിലവാരമുള്ള ഹൈടെക് ക്ലാസ് മുറികൾ ആക്കും.
- ഗണിത ശേഷി വർദ്ധിപ്പിച്ച് പ്രായോഗിക ജീവിതത്തിൽ ഉപയോഗിക്കാൻ കുട്ടികളെ സജ്ജരാക്കും.
- പഠനത്തിനും വികാസത്തിനും എല്ലാ കുട്ടികൾക്കും തുല്യമായ അവസരം നൽകും.
- വായനാശീലം കുട്ടികളിൽ പരമാവധി വളർത്തിയെടുക്കും.
- പഠനം പരിസരബന്ധിതവും ജീവിതഗന്ധിയും ആക്കി മാറ്റും.
- പ്രകൃതിയെ അടുത്തറിഞ്ഞ് സംരക്ഷിക്കാനുള്ള അവബോധം സൃഷ്ടിക്കും.
- ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കും.

# <u>സ്കൂൾ പെർഫോമ (Academic Year 2025-2026)</u>

| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | ഗവൺമെൻറ് യുപിഎസ് തമ്പാനൂർ |
| 2 | വിലാസം | എസ് എസ് കോവിൽ റോഡ്<br>തിരുവനന്തപുരം |
| 3 | ഫോൺ നമ്പർ | 9037320457 |
| 4 | മെയിൽ വിലാസം | gupsthampanoor@gmail.com |
| 5 | സ്കൂൾ കോഡ് | 43339 |
| 6 | സ്ഥാപിച്ച വർഷം | 1938 |
| 7 | വിദ്യാഭ്യാസ  ഉപജില്ല | തിരുവനന്തപുരം നോർത്ത് |
| 8 | വിദ്യാഭ്യാസ  ജില്ല | തിരുവനന്തപുരം |
| 9 | അസംബ്ലി നിയോജക മണ്ഡലം | തിരുവനന്തപുരം |
| 10 | നിയോജകമണ്ഡലം | തിരുവനന്തപുരം |
| 11 | താലൂക്ക് | തിരുവനന്തപുരം |
| 12 | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | തിരുവനന്തപുരം |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം മലയാളം

| പ്രവർത്തനം | വിശദാംശം | കാലയളവ് | സാമ്പത്തികം ഏജൻസി |
|---|---|---|---|
| ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | • ജൂൺ മാസത്തിൽ തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു.<br>• എല്ലാ ക്ലാസ്സുകളിലും പ്രീ ടെസ്റ്റ് നടത്തുന്നു. അവലോകനം നടത്തുന്നു. വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു<br>• അക്ഷര കാർഡുകൾ വായന കാർഡുകൾ എന്നിവ നൽകി വായനയുടെ ലോകത്തേക്ക് കുട്ടികളെ ആകർഷിക്കുന്നു. | ജൂൺ | |
| വ്യത്യസ്ത സാഹിത്യ കലകൾ പരിചയപ്പെടുത്തൽ | • വായനാദിനവുമായി ബന്ധപ്പെട്ട് വ്യത്യസ്ത തലങ്ങളിലുള്ള സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുന്നു .<br>• കഥ, കവിത, ചെറു കവിതകൾ, പത്രക്കുറിപ്പുകൾ എന്നിവ രചിക്കാനും അവതരിപ്പിക്കാനുമുള്ള അവസരം നൽകുന്നു.<br>• വിവിധ സാഹിത്യകാരന്മാരുടെ ജീവിത ജീവചരിത്രം, കൃതികൾ എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള വീഡിയോ പ്രദർശനം.<br>• ബഷീർ ദിനം (ജൂലൈ 5) മായി ബന്ധപ്പെട്ട അദ്ദേഹത്തിൻറെ കൃതികളുടെ ദൃശ്യാവിഷ്കരണം കഥാപാത്രങ്ങളുടെ വേഷ പകർച്ച എന്നിവ കുട്ടികളെ കൊണ്ട് അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | |
| മലയാളത്തിളക്കം ചർച്ച | • കഴിഞ്ഞ വർഷങ്ങളിലേതു പോലെ ഈ വർഷവും ജൂൺ മുതൽ മാർച്ച് വരെ മലയാളത്തിളക്കവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | |
| ക്ലാസ് ലൈബ്രറി ഒരിക്കൽ | • എല്ലാ ക്ലാസിലെയും കുട്ടികൾക്ക് അനുയോജ്യമായ വായന പുസ്തകം സ്കൂൾ ലൈബ്രറിയിൽ നിന്നും ശേഖരിച്ച് ക്ലാസ് | മാർച്ച് | |

| | | | |
|---|---|---|---|
| | ലൈബ്രറി ഒരുക്കുന്നു.<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ കുട്ടികൾക്ക് ഏത് സമയത്തും ലഭ്യമാകുന്ന രീതിയിൽ ലൈബ്രറി സജ്ജീകരിക്കുന്നു. | | |
| മലയാളം അസംബ്ലി | • ആഴ്ചയിൽ ഒരു ദിവസം മലയാളം അസംബ്ലി നടത്തുന്നു<br>• മലയാള പ്രതിജ്ഞ, പത്രവായന, പുസ്തകങ്ങളിലെ പ്രസക്തഭാഗങ്ങൾ, വചനങ്ങൾ, കുട്ടികളുടെ കലാപരിപാടികൾ ചെറുകഥകൾ, ചെറുകവിതകൾ എന്നിവ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | | |
| പുസ്തക ചങ്ങാത്തം | • കുട്ടികൾക്ക് ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വീട്ടിൽ കൊണ്ടുപോകാനും രക്ഷകർത്താക്കളുടെ സഹായത്തോടെ വായിക്കാനും കുറിപ്പുകൾ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാനും അവസരം നൽകുന്നു. | | |
| പതിപ്പുകൾ തയ്യാറാക്കൽ | • പാഠഭാഗവുമായി ബന്ധപ്പെടുത്തി കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു. | | |
| സ്കൂൾ പഠനാന്തരീക്ഷം ആകർഷണീയമാക്കൽ | • സ്കൂൾ ക്ലാസ് ചുമരുകളിലെ ചിത്രങ്ങളെ ആസ്പദമാക്കി കഥ പറച്ചിൽ, ചിത്രരചന, കവിതാരചന എന്നിവ നടത്തുന്നു. | | |

# <u>വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം ENGLISH</u>

| പ്രവർത്തനം | വിശദാംശം | കാലയളവ് | സാമ്പത്തികം ഏജൻസി |
|---|---|---|---|
| Pretest | • To check the writing, reading, listening skills of pupils. | June | |
| To develop listening skills | • Games, Action songs, Hello English activities, Conversations, Skit stories use I C T | June to March | |
| defective pronunciation | • Audio video clippings on correct pronunciation<br>• I. C T facilities<br>• Video clippings<br>• Reading cards | June to March | |
| lack of communication skills | • Formation of English club<br>• English assembly.<br>• Conversation, Films, Cartoons, small skit, story telling, Action song. | June to March | |
| addressing slow pace learner | • special care for slow pace learners.<br>• Give more worksheet for slow pace learner. | June to March | |
| class library | • Arrange English class library for Learners. | June to March | |
| To develop vocabulary | • word games, word study using computer, spelling contests, making cross word puzzle, Dictionary making using the words of the text book. | | |
| supported to gift children | • Special coaching classes using language experts<br>• Magazines created by children | June to March | |
| eligible handwriting | • English book exhibition<br>• Writing with I C T facilities<br>• Peer group learning<br>• To make reading cards, reading material using English library | January to February | |

# വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം E V S

| പ്രവർത്തനം | വിശദാംശം | കാലയളവ് | സാമ്പത്തികം ഏജൻസി |
| --- | --- | --- | --- |
| പ്രീ ടെസ്റ്റ് | ➢ എല്ലാ ക്ലാസുകളിലും പ്രീ ടെസ്റ്റ് നടത്തുന്നു അവലോകനം നടത്തുന്നു വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു. | ജൂൺ | |
| ദിനാചരണങ്ങൾ | ➢ പ്രധാനപ്പെട്ട ദിനങ്ങൾ വിവിധ പരിപാടികളോട് ആചരിക്കുന്നു പോസ്റ്റർ രചന, ക്വിസ്, ആൽബം നിർമ്മാണം ,പതിപ്പ്, റാലി വിവിധ മേഖലകളിലെ പ്രധാന വ്യക്തികളുമായി സംവാദം, വീഡിയോ പ്രദർശനം. | | |
| ഒരു കൃഷി സംസ്കാരംകുട്ടി കർഷകസേന | ➢ കുട്ടികളിൽ കാർഷിക മനോഭാവം വളർത്തുന്നതിന് വേണ്ടി സ്കൂൾ അങ്കണത്തിൽ ജൈവകൃഷി തോട്ട നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | |
| സ്കൂൾ പൂന്തോട്ടം നിർമ്മാണം പരിപാലനം | ➢ കുട്ടികൾ തന്നെ പൂന്തോട്ടം നിർമ്മിക്കാനും പരിപാലിക്കുകയും ചെയ്യുന്നു. താമരക്കുളം നിർമ്മാണം. | | |
| | ➢ ശാസ്ത്ര ലാബ് നവീകരിക്കുന്നു, ഉപകരണങ്ങൾ സജീകരിക്കുന്നു, എല്ലാവർക്കും ശാസ്ത്രീയ പരീക്ഷണം നടത്താൻ അവസരം ഒരുക്കുന്നു. | | |
| സ്കൂൾ ലൈബ്രറി | ➢ ശാസ്ത്ര പുസ്തകങ്ങൾ ശേഖരിച്ച് ശാസ്ത്ര ലൈബ്രറിയിൽ ക്രമീകരിക്കുന്നു പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്ന് ക്ലാസ് ലൈബ്രറിയിലേക്ക് ശേഖരിക്കുന്നു. | | |
| ശാസ്ത്ര വിഷയത്തിൽ ആഭി രുചിയും താല്പര്യവും വളർത്തുന്നു. | ➢ പരിസര നടത്തം, ശേഖരണം, ആൽബം നിർമ്മാണം, ചിത്രരചന, പതിപ്പ് പോസ്റ്ററുകൾ, പരീക്ഷണം, നിരീക്ഷണം, കുറിപ്പ് ശാസ്ത്ര വീഡിയോ പ്രദർശനം, സംവാദം തുടങ്ങിയ പ്രവർത്തനങ്ങൾ ശാസ്ത്രജ്ഞനുമായുള്ള തുറന്ന ചർച്ച. | | |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം S S

| പ്രവർത്തനം | വിശദാംശം | കാലയളവ് | സാമ്പത്തികം ഏജൻസി |
|---|---|---|---|
| പ്രീ ടെസ്റ്റ് | ➢ ജൂൺ മാസത്തിൽ തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു. | | |
| ദിനാചരണങ്ങൾ | ➢ ദേശഭക്തിഗാനാലാപനം, പോസ്റ്റർ നിർമ്മാണം, പതിപ്പ് തയ്യാറാക്കൽ, ആൽബം നിർമ്മാണം<br>➢ മഹത് വ്യക്തികളുടെ വേഷപ്പകർച്ച റാലി തുടങ്ങിയ വിവിധതരം പരിപാടികൾ സംഘടിപ്പിക്കൽ | | |
| ഭൂപടം നിർമ്മാണം | ➢ പാഠഭാഗവുമായി ബന്ധപ്പെട്ട കേരളം, ഇന്ത്യ, വിവിധ പ്രദേശങ്ങൾ എന്നിവയുടെ ഭൂപട നിർമ്മാണം | | |
| സോഷ്യൽ സയൻസ് ഫെസ്റ്റ് | ➢ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ്സിൽ നടക്കുന്ന വേറിട്ട പ്രവർത്തനങ്ങളുണ്ട് ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാൻ.<br>➢ ശേഖരണം, മോഡൽസ്, ക്വിസ്, പ്രസംഗം, സ്കിറ്റ്. | ജൂൺ മുതൽ മാർച്ച് വരെ | |
| കുട്ടികളിൽ പഴയകാല ഉപകരണങ്ങളെ കുറിച്ചുള്ള ധാരണ ഉണ്ടാക്കൽ | ➢ വീടുകളിൽ പഴയകാലത്ത് ഉപയോഗിക്കുന്ന ഉപകാരണങ്ങൾ ശേഖരിക്കൽ<br>➢ ഐസിടി ഉപയോഗിച്ച് പരിചയപ്പെടുത്തൽ. | | |
| പ്രാദേശിക ചരിത്രത്തെക്കുറിച്ച് ധാരണ ഉണ്ടാക്കൽ പാഠഭാഗം ലളിതവും ആകർഷകവും ആക്കൽ | ➢ മുതിർന്ന പൗരന്മാരുമായി അഭിമുഖം, പ്രാദേശിക ചരിത്രം ഐസിടി ഉപയോഗിച്ച് വിശദീകരിക്കുന്നു.<br>➢ കുട്ടികളുടെ നിലവാരത്തിന് അനുസരിച്ചുള്ള വർക്ക്ഷീറ്റുകൾ നിർമ്മാണം.<br>➢ ഐസിടി ഉപയോഗിച്ച് വിവരണങ്ങളുടെ വിശദീകരണം, വിവര ശേഖരണം, പതിപ്പ്. | | |

# <u>വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം MATHS</u>

| പ്രവർത്തനം | വിശദാംശം | കാലയളവ് | സാമ്പത്തികം ഏജൻസി |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുക | ➢ ജൂൺ മാസത്തിൽ തന്നെ കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധന പൂർത്തിയാക്കുന്നു.<br>➢ എല്ലാ ക്ലാസുകളിലും പ്രീ ടെസ്റ്റ് നടത്തുന്നു അവലോകനം നടത്തുന്നു വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു.<br>➢ നമ്പർ കാർഡ് നൽകി സ്ഥാന വില ഉറപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | |
| ഗണിതശാസ്ത്ര ക്വിസ് | ➢ പ്രമുഖ ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ. | | |
| ഗണിതം കളികളിലൂടെ | ➢ സംഖ്യകളിൽ മാന്ത്രിക ചതുരം പൂർത്തിയാക്കൽ, നിർമ്മിക്കൽ മനക്കണക്കുകൾ, പസിൽസ്, ഐടി സാധ്യത പ്രയോജനപ്പെടുത്തൽ. | | |
| ഗണിത പതിപ്പുകളുടെ നിർമ്മാണം | ➢ ത്രിമാന ചിത്രങ്ങളുടെ ചിത്രീകരണം ഗണിത രൂപങ്ങളുടെ ചിത്രീകരണം, കുസൃതി കണക്കുകൾ തയ്യാറാക്കൽ, ഗണിത കഥ, കവിത ഉൾപ്പെടുത്താൻ ഗണിത ശാസ്ത്രജ്ഞന്മാരുടെയും അവരുടെ സംഭാവനകളും ഉൾപ്പെടുത്തൽ. | | |
| ഗുണന വസ്തുക്കൾ ഉറപ്പിക്കൽ | ➢ സംഖ്യാ കളികൾ ഐസിടി സാധ്യത പ്രയോജനപ്പെടുത്താൻ പൂർത്തിയാക്കൽ. | | |
| അളവ് തൂക്ക ഉപകരണ ങ്ങളുടെ നിർമ്മാണം | ➢ മീറ്റർ സ്കെയിൽ നിർമ്മാണം, കളിത്രാസ് നിർമ്മാണം. | | |
| പിന്നോക്ക കാർക്ക് സംഖ്യ ബോധം ഉറപ്പിക്കൽ | ➢ സംഖ്യാ കാർഡ് സംഖ്യാ നിർമ്മാണം വർക്ക് ഷീറ്റ് സംഖ്യ വായന | | |
| വേഗതയും കൃത്യതയും ആർജ്ജിക്കുക | ➢ മനക്കണക്ക് കുസൃതി കണക്ക് വർക്ക് ഷീറ്റ് | | |
| ഒറിഗാമിയിലൂടെ പഠിക്കാം | ➢ ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം പ്രോജക്ട് | | |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം സാമൂഹികം

| പ്രവർത്തനം | വിശദാംശം | കാലയളവ് | സാമ്പത്തികം ഏജൻസി |
| --- | --- | --- | --- |
| ചരിത്ര പ്രധാന ദിനങ്ങളെ കുറിച്ചും ആഘോഷങ്ങളെക്കുറിച്ചും ഉള്ള ധാരണ<br><br>പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ<br><br>ജൈവവൈവിധ്യ പാർക്ക് നിർമ്മാണം<br><br>കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള അവബോധം | ➢ ദിനാചരണം സംഘടിപ്പിക്കുക<br>➢ അഭിമുഖം<br>➢ വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക<br>➢ പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചുചേർക്കൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിച്ച് ഫണ്ട് സമാഹരിക്കാൻ.<br>➢ ക്ലാസ്സ് സംഘടിപ്പിക്കുക ജൈവവൈവിധ്യങ്ങളെപ്പറ്റി അവബോധം നൽകുക തണൽമരം നടൽ താമരക്കുളം കിളികൾക്ക് വെള്ളം നൽകൽ.<br>➢ സാമൂഹത്തിൽ ഉയർന്ന തലങ്ങളിൽ പ്രവർത്തിക്കുന്ന വ്യക്തികളുമായി അവബോധം ക്ലാസ് സംവാദം ചർച്ച എന്നിവ സംഘടിപ്പിക്കുക സ്കൂൾ പാർലമെൻറ് രൂപീകരണം | ജൂൺ മുതൽ മാർച്ച് വരെ | |

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം ഹിന്ദി

- ഭാഷാ വികസനം ലക്ഷ്യങ്ങൾ അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
- കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.
- ആശയം തെറ്റുകൂടാതെ പ്രകടിപ്പിക്കുവാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികളും വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
- ഭാഷ ശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

| പ്രവർത്തനം | വിശദാംശം | കാലയളവ് | സാമ്പത്തികം ഏജൻസി |
|---|---|---|---|
| യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ<br><br>ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും ഭാഷാ വികസനത്തിനുമുള്ള അവസരം<br><br>(സുരിലി ഹിന്ദി യിലെ കവിതയിലൂടെ ഭാഷാ വികസനം)<br><br>വീട് സ്കൂൾ ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക സ്കൂളിൽ ഉപയോഗിക്കേണ്ടിവരുന്ന ചെറു വാചകങ്ങൾ ഹിന്ദിയിൽ പറയുക | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് വാക്കുകൾ എഴുതിയ കാർഡ്<br>• അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• ഒരുപോലെയുള്ള വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമാണം<br>• വാക്യങ്ങളെ ശരിയായ സ്ഥാനങ്ങളിൽ ഉൾപ്പെടുത്തി അർത്ഥവത്തായവാക്യങ്ങളുടെ നിർമ്മാണം<br>• ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ സെപ്റ്റംബർ 14 ജനുവരി 10<br>• ക്ലാസ് ലൈബ്രറി വായനകാർഡുകളുടെ വായന<br>• ചിത്രങ്ങളുടെ സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രങ്ങളിലൂടെ ഹിന്ദി പേരുകൾ പരിചയപ്പെടൽ<br>• വീട്ടിലും സ്കൂളിലും ഉപയോഗിക്കുന്ന വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ തയ്യാറാക്കൽ ചെറിയ ആശയ വിനിമയ പ്രയോഗങ്ങൾ ഹിന്ദിയിൽ നടത്തുക. | ജൂൺ മുതൽ ഓഗസ്റ്റ് വരെ<br><br>നവംബർ മുതൽ ഫെബ്രുവരി വരെ<br><br>ഓഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | |

# കല ആരോഗ്യം പ്രവർത്തിപരിചയം

- കുട്ടികളിലെ സൃഷ്ടി മനസ്സും ഹൃദയവും വളർത്തുക.
- വിവിധ കലാരൂപങ്ങളെ പരിചയപ്പെടുത്തുക.
- പൊതുവായ പ്രകടന സംവേദന സഹകരണ കഴിവുകൾ വളർത്തുക.
- .

| മേഖല | പ്രവർത്തനങ്ങൾ |
|---|---|
| ചിത്രകല | ഡ്രോയിങ് പെയിൻറിങ് തൂലിക രചന<br>കൊളാഷ് |
| സംഗീതം | മലയാള ഗാനങ്ങൾ, കേരളീയ സംഗീത നാടൻ പാട്ടുകൾ, സംഗീത ഉപകരണ പരിചയം |
| നാടകം | വീക്ഷണം, പ്രകടനം ,സ്കിറ്റ് ,റോൾപ്ലേ |
| നൃത്തം | നാടോടി നൃത്തം ,ഫോക്ക് നൃത്തം |
| ക്രാഫ്റ്റ് ,ഫേബ്രിക് ,പെയിൻറ് വെജിറ്റബിൾ പ്രിന്റിംഗ് | പേപ്പർക്രാഫ്റ്റ് |
| ആരോഗ്യ ബോധവൽക്കരണം | വ്യക്തി ശുചിത്വം,ഭക്ഷണശൈലി<br>രോഗപ്രതിരോധം,ലൈംഗിക ആരോഗ്യം<br>ലഹരിവിരുദ്ധ ബോധവൽക്കരണം തുടങ്ങിയ കാര്യങ്ങൾ മുൻനിർത്തി ക്ലാസ്സ് സംഘടിപ്പിക്കൽ |
| ഹെൽത്ത് സ്ക്രീനിങ് | ദന്ത പരിശോധന, കണ്ണ് പരിശോധന |
| കായിക പരിശീലനം | അംഗീകരിച്ച കായിക അധ്യാപകന്റെ കീഴിൽ പ്രവർത്തനം |
| ഇൻഡോർ ഗെയിംസ് | ടേബിൾ ടെന്നീസ് ചെസ്സ് ബാഡ്മിൻറൺ |

## ക്ലാസ് പി.ടി.എ സജീവമാക്കാൻ

- ക്ലാസ് പിടിഎ സജീവമാക്കുന്നതിന് വിവിധ പരിപാടികൾ സ്വീകരിക്കുന്നു. ഇതിലൂടെ രക്ഷിതാക്കളെയും അധ്യാപകരെയും കൂടുതൽ ഉൾപ്പെടുത്തി കുട്ടികളുടെ വികസനത്തിൽ പങ്കാളികളാക്കാൻ കഴിയും.
- മാസത്തിൽ ഒരു പിടിയെ യോഗം സംഘടിപ്പിക്കും.
- ഓരോ യോഗത്തിനും വിഷയം ഒരുക്കുന്നു കുട്ടികളുടെ പഠനനിലവാരം ശീലങ്ങൾ കൗൺസിലിംഗ്.

## പ്രവർത്തനങ്ങൾ

- വിദഗ്ധരെ ക്ഷണിച്ച് സെക്ഷനുകൾ (ഡോക്ടർ കൗൺസിലർ ഐടി വിദഗ്ധർ )
- രക്ഷിതാക്കളിൽ നിന്ന് കഴിവുള്ളവരെ കണ്ടെത്തി ക്ലാസ്സ് ആക്ടിവിറ്റികളിൽ ഉൾപ്പെടുത്തുന്നു
- യോഗ ക്ലാസ് സംഘടിപ്പിക്കുക രക്ഷിതാക്കളെ പങ്കെടുപ്പിക്കുക
- പച്ചക്കറിത്തോട്ടം, പ്രകൃതി നടത്തം എന്നിവയ്ക്ക് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു
- പഠന പിന്തുണ പരിപാടി സംഘടിപ്പിക്കുന്നു ബയോ ഡൈവേഴ്സിറ്റി, ബട്ടർഫ്ലൈ പാർക്ക് ഒരുക്കുന്നതിൽ  രക്ഷിതാക്കളെ കൂടി ഭാഗമാകുന്നു

## ഉപസംഹാരം

പൊതുവിദ്യാലയം മികവിന്റെ കേന്ദ്രം എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കാൻ മേഖലകളും ഉപ മേഖലകളും ലക്ഷ്യങ്ങൾ തിരിച്ച് അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു ചിട്ടയോടെയും സമയബന്ധിതമായും നടപ്പിൽ വരുത്തുന്നതിന് വേണ്ടി തയ്യാറാക്കിയതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.